നാദാപുരം സംഘർഷത്തിൽ മരണമടഞ്ഞവർ

139 (140) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം സംഘർഷത്തിൽ മരണമടഞ്ഞവർ എത്ര ; പരിക്കേറ്റ് ആശുപത്രിയിലായവരെത്ര ;

(ബി) ഇവർ ആരെല്ലാമെന്നും അവരുടെ രാഷ്ട്രീയ ബന്ധവും വെളിപ്പെടുത്തുമോ ;

(സി) സംഘർഷത്തിന്റെ ആരംഭത്തിൽ പോലീസ് നിഷ്ക്രിയമായിരുന്നുവെന്ന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) 3 പേർ മരിച്ചു 40 പേർക്ക് പരിക്കേറ്റു.

(ബി) സന്തോഷ്, നീതു, മൊയ്തുഹാജി (സി.പി.എം.1 ഐ.യു. എം.എൽ.) എന്നിവർ കൊല്ലപ്പെട്ടു. പരിക്കേറ്റ് 40 പേരിൽ 17 സി.പി.എം. കാരും 23 ഐ.യു.എം.എൽ. കാരുമാണ്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

നാദാപുരം സംഘട്ടനത്തിൽ സ്ത്രീകളെ പീഡിപ്പിച്ച സംഭവം

140 (141) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം സംഘർഷത്തിൽ സ്ത്രീകളെ പീഡിപ്പിച്ചതായി എത്ര പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ട് ;

(ബി) പരാതികളിൽ പ്രതികളായി പറഞ്ഞിട്ടുള്ളവരുടെ പേര് വിവരം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേസുകളിൽ ഏതൊക്കെ പ്രതികളെ അറസ്റ്റുചെയ്തു ;

(ഡി) പ്രതികളെ അറസ്റ്റുചെയ്യുവാൻ താമസിക്കുന്നതിന്റെ കാരണമെന്താണ് ;

(ഇ) കുറ്റവാളികളെ ഉടൻ അറസ്റ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) ഇതു സംബന്ധിച്ച് രണ്ടു പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രതികളായ 6 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. കേസ് അന്വേഷണം പോലീസ് ഊർജ്ജിതമായി നടത്തിവരികയാണ്.

നാദാപുരം നിയോജകമണ്ഡലത്തിൽ നടന്ന സംഘട്ടനങ്ങൾ

141 (142) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ 2001 ജനുവരിയിൽ നടന്ന സംഘട്ടനങ്ങൾക്കും അക്രമ സംഭവങ്ങൾക്കും ഉത്തരവാദി ആർ.എസ്.എസ്. ഉം എൻ.ഡി.എ. യും ആണോ ;

(ബി) ആണെങ്കിൽ പ്രസ്തുത അക്രമ സംഭവങ്ങൾ വർഗ്ഗീയ സംഘട്ടനങ്ങളായിരുന്നുവോ ;

(സി) അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(ഡി) ഈ സംഭവങ്ങളോടനുബന്ധിച്ച് ഏതെല്ലാം ആർ.എസ്.എസ്. കാരേയും എൻ. ഡി. എ. കാരേയും അറസ്റ്റു ചെയ്തിട്ടുണ്ട് ;

(ഇ) എത്ര ആർ.എസ്.എസ്-എൻ.ഡി.എ. പ്രവർത്തകരുടെ പേരിൽ കേസെടുത്തിട്ടുണ്ട് ?

ഉത്തരം

(എ) കേസന്വേഷണം നടന്നു വരികയാണ്.

(ബി) അക്രമസംഭവങ്ങൾ രാഷ്ട്രീയ സംഘട്ടനങ്ങളായിരുന്നു.

(സി) ഉദിക്കുന്നില്ല.

(ഡി) കേസന്വേഷണം നടന്നു വരികയാണ്. ഇതിനകം എൻ.ഡി.എ. ക്കാരായ ഇബ്രാഹിം, മുഹമ്മദ് അബ്ദുൾ ഖാദർ, അബ്ദുള്ള, അബ്ദുൾ സലാം, ജഷീർ എന്നിവരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഇ) കേസ് അന്വേഷണം നടന്നുവരികയാണ്.

വിദ്യാസാഗറിന്റെ കൊലപാതകം

142 (143) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മതിലകത്തെ ബി.ജെ.പി. പ്രവർത്തകനായ വിദ്യാസാഗറിന്റെ കൊലപാതകം സംബന്ധിച്ച കേസിലെ ചില പ്രതികളെ ഒഴിവാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനെ സ്വാധീനിച്ചകാര്യത്തെപ്പറ്റി അന്വേഷിക്കണമെന്ന് പ്രസ്തുത കേസിന്റെ വിധിയിൽ പറഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly